## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3080**

**21.06.2013 - ൽ മറുപടിക്ക്**

### നീര ഉത്പാദനം വ്യാപകമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | **ശ്രീ.കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ആസിയാൻ കരാറിന്റെ ഭാഗമായി അടുത്ത ഏപ്രിൽ മാസം മുതൽ ആസിയാൻ രാജ്യങ്ങളിൽ നിന്ന് നീര പോലെയുള്ള ഉൽപ്പന്നങ്ങൾ ഇന്ത്യയിലെത്തുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇത് സംസ്ഥാനത്തെ കേരകർഷകർക്ക് ഏറെ പ്രയാസം ഉണ്ടാക്കുമെന്നകാര്യം വിലയിരുത്തിയിട്ടുണ്ടോ; | ബി) കേരകർഷകർ വേണ്ടത്ര കരുതലോടെ തയ്യാറെടുത്താൽ ഈ സാഹചര്യത്തിൽ നിന്നും നമുക്ക് നേട്ടം കൊയ്യാവുന്നതാണ്. ഇതിനായ നയപരമായ തീരുമാനങ്ങളും പുതിയ നടപടിക്രമങ്ങളും സമയബന്ധിതമായ സജ്ജീകരിക്കേണ്ടിവരും. |
| സി) എങ്കിൽ കേരളത്തിൽ അടിയന്തിരമായി നീര ഉൽപ്പാദിപ്പിക്കുന്നതിനും, വ്യാപകമാക്കി രാജ്യാന്തര വിപണി നേടുന്നതിനും നടപടി സ്വീകരിക്കുമോ? | സി) നീരയുടെ ഉല്പാദനവും വിതരണവും സംബന്ധിച്ച് പഠനം നടത്തുന്നതിന് 15/01/2013-ലെ ജി.ഒ. (ആർ.റ്റി.) 38/2013/റ്റിഡി., 14/03/2013-ലെ ജി.ഒ. (ആർ.റ്റി.) 221/2013/റ്റിഡി., എന്നീ ഉത്തരവുകൾ പ്രകാരം എക്സൈസ് കമ്മീഷണർ ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റി സമർപ്പിച്ച പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയുമാണ്. |

**സെക്ഷൻ ഓഫീസർ**